(5) 2004-ലെ കേരള പണിമുടക്കവകാശ സംരക്ഷണ ബിൽ

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, 2004-ലെ കേരള പണിമുടക്കവകാശ സംരക്ഷണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം ഹസ്സൻ): സർ, 1947-ലെ തൊഴിൽ തർക്ക നിയമത്തിന്റെ പരിധിയിൽ വരുന്ന എല്ലാ തൊഴിലാളികൾക്കും കൂട്ടായ വിലപേശൽ നടത്തി അവകാശ സംരക്ഷണത്തിനുവേണ്ടി സമരങ്ങൾ സംഘടിപ്പിക്കാൻ പ്രസ്തുത നിയമത്തിലെ 22-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പബ്ലിക് യൂട്ടിലിറ്റി സർവ്വിസസ്സിന്റെ കീഴിൽവരുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് വകുപ്പ് അനുശാസിക്കുന്ന സമയ പരിധിക്കനുസരിച്ച് നോട്ടീസ് നൽകിയശേഷം മാത്രമേ സമരം ചെയ്യാവൂ എന്ന വ്യവസ്ഥയുണ്ട്. 1947-ലെ തൊഴിൽ തർക്ക നിയമം നടപ്പിൽ വന്നതുമുതൽ തൊഴിലാളികൾക്ക് അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും നേടിയെടുക്കുന്നതിനുമായി വേണ്ടിവന്നാൽ സമരം സംഘടിപ്പിക്കുന്നതിന് നിയമസാധുത ലഭിച്ചിരിക്കുകയാണെന്നുള്ളതാണ് വസ്തുത. ഈ വസ്തുത കണക്കിലെടുക്കുമ്പോൾ ഇപ്പോൾ അവതരിപ്പിക്കാൻ ബഹുമാനപ്പെട്ട മെമ്പർ നോട്ടീസ് നൽകിയിട്ടുള്ള 2004-ലെ കേരള പണിമുടക്കവകാശ സംരക്ഷണ ബില്ലിന് നിയമസാധുത വരുന്നില്ല. മേൽ വസ്തുതകളുടെ വെളിച്ചത്തിൽ 2004-ലെ കേരള പണിമുടക്കവകാശ സംരക്ഷണ ബില്ലിന് അവതരണാനുമതി നൽകണം എന്നുള്ള ശ്രീ. കെ. പി. രാജേന്ദ്രൻ എം.എൽ.എ.-യുടെ പ്രമേയത്തെ ഞാൻ എതിർക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. വി. കെ. ചന്ദ്രൻ]

ശ്രീ. കെ. പി. രാജേന്ദ്രൻ : ഇതിന്റെ ഉദ്ദേശത്തോട് അങ്ങ് യോജിക്കുന്നുണ്ടല്ലോ. അതിന്റെ നിയമപരമായ വശമാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. പക്ഷെ, 2003 ആഗസ്റ്റ് 6-ാം തീയതിയിലെ സുപ്രീം കോടതിയുടെ വിധിയാണ് ഇങ്ങനെ ഒരു സ്വകാര്യ ബിൽ ഈ സഭയിൽ അവതരിപ്പിക്കാൻ കാരണമായിട്ടുള്ളത്. നമ്മുടെ ഈ നിയമസഭയാണ് ഇന്ത്യാ രാജ്യത്തുതന്നെ ഏറ്റവും പ്രധാനപ്പെട്ട മറ്റു സംസ്ഥാനങ്ങൾക്കുകൂടി മാതൃകയായിട്ടുള്ള തൊഴിലാളികൾക്ക് ഗുണകരമായ പല സുപ്രധാന നിയമനിർമ്മാണങ്ങൾക്കും മുൻകൈയെടുത്തിട്ടുള്ളത്. പണിയെടുക്കുന്ന എല്ലാപേർക്കും ഗ്രാറ്റുവിറ്റി കൊടുക്കണമെന്ന് ഇന്ത്യയിൽ ആദ്യമായി നിയമം പാസ്സാക്കിയത് കേരള നിയമസഭയാണ്. ആ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് പിന്നീട് കേന്ദ്ര ഗവണ്മെന്റ് ഇന്ത്യൻ പാർലമെന്റിൽ ശ്രീമതി ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായിരുന്ന സന്ദർഭത്തിൽ അഖിലേന്ത്യാ അടിസ്ഥാനത്തിൽ ഗ്രാറ്റുവിറ്റി നിയമത്തിന് രൂപം കൊടുക്കാൻ കഴിഞ്ഞത്. ആ ഗ്രാറ്റുവിറ്റി നിയമം സംബന്ധിച്ചും മഹാഭൂരിപക്ഷം വരുന്ന പണിയെടുക്കുന്നവർക്ക് ആ ആനുകൂല്യം കിട്ടാൻ അർഹതയില്ല എന്ന

LIBRARY ARCHIVES Kerala Legislative Assembly

വിധത്തിൽ വ്യാഖ്യാനിച്ചുകൊണ്ട് സുപ്രീം കോടതി വിധി വന്നിട്ടുണ്ട്. ഈ പശ്ചാത്തലം വച്ചുകൊണ്ടാണ് പണിമുടക്കവകാശം സംബന്ധിച്ച് പൗരന്റെ മൗലികാവകാശത്തിനുമേൽ കടന്നാക്രമിക്കുന്ന സുപ്രീം കോടതി വിധി 2003 ആഗസ്റ്റ് 6-ാം തീയതി വന്നത്. തൊഴിലാളികൾക്കും സർക്കാർ ജീവനക്കാർക്കും ഉൾപ്പെടെ അദ്ധ്യാനിക്കുന്ന ആർക്കും പണിമുടക്കുവാൻ നിയമപരമായി അവകാശമില്ല എന്നാണ് വിധി പ്രഖ്യാപിച്ചത്. വ്യവസായ തൊഴിൽ തർക്ക നിയമത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടുന്നതിനു മുമ്പ് നമ്മുടെ ഭരണ ഘടനയ്ക്ക് രൂപം കൊടുക്കുന്നതിനു മുമ്പുതന്നെ 1877-ൽ നാഗപ്പൂരിലെ എംപ്രസ് മില്ലിലെ തൊഴിലാളികളാണ് ആദ്യമായി വേതനം വെട്ടിക്കുറച്ചതിനെതിരെ ത്യാഗോജ്ജ്വലമായ സമരം നടത്തിയത്. സ്വാതന്ത്ര്യ സമര കാലഘട്ടത്തിലായാലും അതിനു മുമ്പുള്ള കാലഘട്ടത്തിലായാലും ഇന്ത്യയുടെ ദേശീയ പ്രസ്ഥാനം വളർന്നുവന്നതും സ്വാതന്ത്ര്യ സമരം ശക്തിപ്പെട്ടതും ഇന്ത്യയിലെ തൊഴിലാളികൾ നടത്തിയ ജീവത്തായ ഇത്തരം അവകാശ സമര പ്രക്ഷോഭണങ്ങളിലൂടെ അവർ ആർജ്ജിച്ചെടുത്ത ബഹുജനശക്തികൊണ്ടാണ്. ആ സാഹചര്യത്തിൽ തൊഴിലാളികൾക്ക് മൗലികമായ അവകാശം ഇന്ത്യയുടെ ഭരണഘടനയിൽത്തന്നെ ഉറപ്പുവരുത്തണം. പണിമുടക്കാനും കൂട്ടായി വിലപേശാനും. അവകാശങ്ങൾ നേടിയെടുക്കാനും അവകാശങ്ങൾക്കുവേണ്ടി ശബ്ദമുയർത്താനും നിയമാനുസൃതമായ വിധത്തിൽ നോട്ടീസ് നൽകി പണിമുടക്കവകാശങ്ങൾ ഉറപ്പുവരുത്താനുള്ള.....

ശ്രീ. കെ. സി. വേണുഗോപാൽ: അങ്ങ് തൊഴിലാളികളുടെ മുഴുവൻ പ്രസക്തമായ അവകാശങ്ങളാണ് ഉന്നയിച്ചിരിക്കുന്നത്. പക്ഷെ, പുതിയ സാഹചര്യത്തിൽ അങ്ങയുടെ പാർട്ടിയടക്കം കേന്ദ്ര ഗവണ്മെന്റിനെ പിൻതാങ്ങുന്നു. സി.എ.പി. യിൽ അന്ന് നിങ്ങൾ ഉന്നയിച്ചിരുന്ന പ്രധാനപ്പെട്ട ആവശ്യമാണ് തൊഴിലാളികൾക്ക് പണിമുടക്കാനുള്ള അവകാശം. കോൺഗ്രസ്സും ആ അവകാശത്തോട് ഐക്യപ്പെട്ടുനിന്നു. അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ ഈ ബില്ലിന്റെ പ്രസക്തി ഇവിടെയുണ്ടോ?

ശ്രീ. കെ. പി. രാജേന്ദ്രൻ: സുപ്രീം കോടതി ഇതുപോലെ പ്രധാനപ്പെട്ട ഒരു വിധി പ്രസ്താവിച്ചപ്പോൾ ഐ.എൻ.ടി.യു.സി. ഉൾപ്പെടെ ഇന്ത്യയിലുള്ള കേന്ദ്ര ട്രേഡ് യൂണിയൻ നേതാക്കളും അതുപോലുള്ള പ്രസ്ഥാനങ്ങളും ഒക്കെ അതിനെതിരായി ശക്തമായി രംഗത്തുവന്നു. ഞങ്ങൾ ഒരു ദേശീയ പണിമുടക്കുതന്നെ നടത്തി. ഐ.എൻ.ടി.യു.സി. എല്ലാം പങ്കെടുത്തില്ലായെങ്കിലും അവസാനം ഐ.എൻ.ടി.യു.സി.-യിലെ തൊഴിലാളികളൊക്കെ അതിൽ വന്നു. ശ്രീ ചന്ദ്രമോഹനൊക്കെ അതിൽ പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് ഞങ്ങളോടൊപ്പം ഉണ്ടായിരുന്നതാണ്. തൊഴിലാളികളുടെ ശക്തമായ പിൻതുണ ആ കാര്യത്തിലുണ്ടായി. ഐ.എൻ.ടി.യു.സി. അത്ര ഉറക്കെ ചിന്തിച്ചു. എത്ര ഉറക്കെ കാര്യങ്ങൾ ചിന്തിക്കുന്നു. അപ്പോൾ തൊഴിലാളികൾ എന്ന അർത്ഥത്തിലെടുത്താൽ മതി. അതിൽ പണിയെടുക്കുന്ന എല്ലാ വിഭാഗങ്ങളുമുണ്ട്. അങ്ങനെയുള്ള അവകാശം സുപ്രീം കോടതിയുടെ ഒരു സുപ്രധാനമായ വിധിയിലൂടെ പണി മുടക്കാൻ അവകാശമില്ലായെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. തൊഴിലാളികൾക്ക് അവരുടെ മൗലീകമായ

LIBRARY ARCHIVES Kerala Legislative Assembly

അവകാശങ്ങൾ ഉറപ്പുവരുത്താൻ, നേടിയത് നഷ്ടപ്പെട്ടുപോകാതിരിക്കാനുള്ള സാഹചര്യമുണ്ടാക്കാൻ കഴിയണമെങ്കിൽ പണിമുടക്കവകാശത്തിന് നിയമപരമായ സംരക്ഷണം കിട്ടണം. കേന്ദ്ര ഗവണ്മെന്റ് ആലോചിക്കണം. സ്റ്റേറ്റിൽ നമ്മളിവിടെ ആലോചിക്കുന്നത് കോമൺ മിനിമം പരിപാടിയിൽ കേന്ദ്ര ഗവണ്മെന്റിലായാലും പുതിയ സാഹചര്യത്തിൽ ഇത്തരം ഒരു നിയമനിർമ്മാണംതന്നെ വരുന്നതിന് സമഗ്രമായ ഒരു അന്തരീക്ഷം നമുക്ക് ഉണ്ടാക്കിയെടുക്കാം.

ശ്രീ. എ. കെ. ബാലൻ : ശ്രീ. രാജേന്ദ്രൻ പറഞ്ഞു 1877-ലാണ് ഇന്ത്യയിൽ സംഘടിതമായ തൊഴിലാളി പ്രസ്ഥാനം രൂപംകൊണ്ടതെന്ന്. അതിന്റെ ഭാഗമായി 1889-ലെ ഫാക്ടറീസ് ആക്ട് മുതൽ ഇന്ദിരാഗാന്ധി കൊണ്ടുവന്ന കോൺട്രാക്ട് ലേബർ അബോളിഷൻ ആകടുവരെ ഏതാണ്ട് 156-ഓളം വരുന്ന തൊഴിലാളി നിയമങ്ങൾ ഇന്ത്യയിലെ തൊഴിലാളി വർഗ്ഗത്തിന് അനുകൂലമായിട്ട് ഉണ്ടായിരുന്നു. അടുത്ത കാലത്തുണ്ടായ സുപ്രീം കോടതി വിധിയെ അടിസ്ഥാനപ്പെടുത്തി ഹൈക്കോടതി ഇപ്പോൾ വിധി പ്രഖ്യാപിക്കാൻ തുടങ്ങി. അതിന്റെ ഭാഗമായിട്ടാണ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിന്ന് പണിമുടക്കു നടത്തിയാൽ പട്ടാളത്തെ വിളിക്കണമെന്ന രൂപത്തിലുള്ള വിധി വന്നത്. അതിനെതിരായി ഒരക്ഷരം ബഹുമാനപ്പെട്ട എ. കെ. ആന്റണിയുടെ നേതൃത്വത്തിലുള്ള ഐക്യ ജനാധിപത്യ മുന്നണി ഗവണ്മെന്റ് പ്രതികരിച്ചില്ല. ഇതൊന്ന് റിവ്യൂ ചെയ്യുകയോ ഇന്ത്യയിലേയും കേരളത്തിലേയും തൊഴിലാളി വർഗ്ഗത്തിന്റെ നാവടയ്ക്കുന്ന പരാമർശം ഒഴിവാക്കുകയോ ചെയ്യുന്നതിനുള്ള ഒരു നടപടിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോ, ഐക്യ ജനാധിപത്യ മുന്നണിയോ സ്വീകരിച്ചിട്ടില്ല എന്നത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. പി. രാജേന്ദ്രൻ: ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ് സുപ്രീം കോടതി ഇങ്ങനെ വിധിച്ചാൽ, തൊഴിലാളി തൊഴിൽ അവകാശങ്ങൾക്കുവേണ്ടി സമരം ചെയ്താൽ, തൊഴിലവകാശങ്ങൾക്കുവേണ്ടി ശബ്ദമുയർത്തിയാൽ പട്ടാളത്തെ വിളിക്കണം, പട്ടാളം അത് നേരിടണമെന്നാണ് പല ഹൈക്കോടതികളും.....

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ). തൊഴിലാളി സമരം ചെയ്താലല്ലല്ലോ പട്ടാളത്തെ വിളിക്കാൻ പറഞ്ഞത്. ബന്ദും ഹർത്താലും നടത്തി ജനജീവിതം സ്തംഭിപ്പിക്കുമ്പോൾ പോലീസ് പരാജയപ്പെട്ടാൽ പട്ടാളത്തെ വിളിക്കാനല്ലേ പറഞ്ഞത്.

ശ്രീ. കെ. പി. രാജേന്ദ്രൻ: അതിപ്പോൾ വ്യാഖ്യാനിക്കുന്നതുതന്നെയാണ്. പണിമുടക്ക് ചെയ്യുമ്പോൾ ഹർത്താൽ വേണ്ടിവരും. കോട്ടയത്ത് ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറി അടച്ചുപൂട്ടുന്ന സ്ഥിതി വന്നപ്പോൾ അവിടെ വലിയ പ്രക്ഷോഭമായി. സംയുക്ത സമരസമിതി വന്നു. അവിടെ ഹർത്താലിന് ആഹ്വാനം ചെയ്തു. കോട്ടയം ജില്ലയിൽ ഹർത്താൽ ആഹ്വാനം ചെയ്തത് യു.ഡി.എഫ്. കൺവീനർ ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള സമിതിയാണ്. ചിലപ്പോൾ അത്തരത്തിലുള്ള പ്രക്ഷോഭങ്ങൾ വേണ്ടിവരും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു: ബഹുമാനപ്പെട്ട കെ. പി. രാജേന്ദ്രൻ, പണി മുടക്കാനുള്ള അവകാശം സംബന്ധിച്ച് അവതരിപ്പിക്കുന്ന ബിൽ തീർച്ചയായും സ്വാഗതാർഹമാണ്. അതോടൊപ്പംതന്നെ ഹർത്താലിനേയും ബന്ദിനേയും കുറിച്ച് പറഞ്ഞു. എസ്.എസ്.എൽ.സി. പരീക്ഷാസമയത്താണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഹർത്താൽ ആഹ്വാനം ചെയ്തത്. ഇതുപോലെ ജനങ്ങളെ ബാധിക്കുന്ന പ്രധാനപ്പെട്ട സന്ദർഭങ്ങളിൽ ഹർത്താൽ, ബന്ദ് എന്നിവ ആഹ്വാനം ചെയ്യുന്നതിന്റെ പേരിലാണ് ഹൈക്കോടതിയും സുപ്രീം കോടതിയും ഇതുപോലുള്ള വിധി പുറപ്പെടുവിക്കുന്നത്. അപ്പോഴാണ് ജനങ്ങൾ അതിനനുകൂലമായി ചിന്തിക്കുന്നത് എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ പി. രാജേന്ദ്രൻ: അതൊക്കെ ഒഴിവാക്കാൻ പറ്റാത്ത ചില സന്ദർഭങ്ങളിൽ ആഹ്വാനം ചെയ്യുന്നതാണ്. ബന്ദ് ആരും ആഹ്വാനം ചെയ്യുന്നില്ല. പല പണിമുടക്കുകളും, ഹർത്താലുകളും വരുന്നത്.....

ശ്രീ. ജോണി നെല്ലൂർ: അങ്ങ് ഇവിടെ പണി മുടക്കാനുള്ള അവകാശത്തെ സംബന്ധിച്ചും. അതിന് സംരക്ഷണം നൽകേണ്ട കാര്യത്തെക്കുറിച്ചുമാണല്ലോ ഈ ബില്ലിലൂടെ സൂചിപ്പിക്കുന്നത്. ഞാൻ അതിനോട് യോജിക്കുകയാണ്. അതോടൊപ്പം പല പണിമുടക്കുകളും നടക്കുമ്പോൾ അതിനോട് യോജിപ്പില്ലാതെ പണിയെടുക്കാൻ സന്നദ്ധരായ ധാരാളം തൊഴിലാളികളും, ജീവനക്കാരും വരാറുണ്ട്. അവരെ ആക്രമിച്ച് ബലമായി പണിമുടക്കാൻ പ്രേരിപ്പിക്കുന്നതിനോട് അങ്ങയുടെ അഭിപ്രായം എന്താണ്? അങ്ങനെ പണിയെടുക്കാൻ വരുന്ന ആളുകൾക്ക് സംരക്ഷണം കൊടുക്കുന്ന കാര്യത്തെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. പി. ജയരാജൻ: Rights and benefits earned by workers including the right to strike according to law will not be taken away or curtail. സി.എം.പി യിലെ ഭാഗമാണ് ഞാൻ വായിച്ചത്. നിലവിൽ തൊഴിലാളികൾക്ക് അനുവദിച്ചിരിക്കുന്ന ആനുകൂല്യങ്ങളും അവകാശങ്ങളും അത് കവർന്നടുക്കുന്നതിനെ സംബന്ധിച്ച് right to strike ഞങ്ങൾ അംഗീകരിക്കുമെന്നാണ് സി.എം.പി. -യിൽ വച്ചിട്ടുള്ളത്. ഈ നിയമസഭയിൽ യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന് പാസ്സാക്കിയിട്ടുള്ള കയറ്റിറക്കുമതി നിയമം നിലവിൽ ചുമട്ടു തൊഴിലാളികൾക്ക് കിട്ടിക്കൊണ്ടിരുന്ന ആനുകൂല്യങ്ങൾ ഇല്ലാതാക്കുന്ന നിയമമാണെന്ന് ബഹുമാനപ്പെട്ട അംഗം മനസ്സിലാക്കുന്നുണ്ടോ?

ശ്രീ. കെ. പി. രാജേന്ദ്രൻ: ചുമട്ടു തൊഴിലാളി നിയമം ഇവിടെവന്നപ്പോൾ നിയമത്തിലെ അപകടകരമായ കാര്യങ്ങളെ ഞങ്ങൾ അതിശക്തമായി എതിർത്തു. അതിനെ പിന്നീട് വ്യാഖ്യാനിച്ചു. പണിയെടുക്കുന്ന തൊഴിലാളിയെ ആക്ഷേപിക്കുക, അപമാനിക്കുക, അവഹേളിക്കുക എന്നുള്ളത് ഇന്നൊരു ഫാഷനായി മാറിയിരിക്കുകയാണ്. പണിമുടക്കുവാൻ പാടില്ലെന്ന നിയമം നിഷ്ക്കർഷിക്കുവാനുള്ള വ്യവസ്ഥ ഇൻഡ്യൻ ഭരണഘടനയിൽപ്പോലുമില്ല. മറിച്ച് തൊഴിലാളികൾ അവരുടെ അവകാശങ്ങൾക്കുവേണ്ടി നിവേദനം നൽകി കൂട്ടായി പ്രകടനം നടത്തുകയെന്നതാണ്. ശ്രീ. ജോണി നെല്ലൂർ പറഞ്ഞത് ഞാൻ

അംഗീകരിക്കുന്നു. തൊഴിലാളികൾക്ക് പണിയെടുക്കണം. തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ അംഗീകരിക്കപ്പെടണം. അവരുടെ എഗ്രിമെന്റ് സംബന്ധിച്ച നടപടികൾ ഉണ്ടാകണം. പിരിച്ചുവിടാൻ പാടില്ല. ഇതൊക്കെ ഉണ്ടാകണമെന്ന് നമ്മൾ അംഗീകരിക്കുന്നതാണ്. അതുകൊണ്ട് ഈ നിയമസഭയിൽ നമ്മളൊക്കെ ചേർന്നുകൊണ്ട് ശക്തമായ ഒരു പൊതു അഭിപ്രായമുണ്ടാക്കണം. ഒരു നിയമനിർമ്മാണത്തിന് അവസരമുണ്ടാക്കിയാൽ അത് കേന്ദ്ര ഗവൺമെന്റിലേയ്ക്ക് പോയാലും നിയമമുണ്ടാക്കാം. സുപ്രീം കോടതിയിൽനിന്നും വിവിധ കോടതികളിൽനിന്നും തൊഴിലാളികളുടെ അവകാശങ്ങൾക്കെതിരായിവരുന്ന വിധികൾക്ക് നടപടി സ്വീകരിക്കുവാൻ കഴിയും. സംരക്ഷണം കൊടുക്കുവാൻ കഴിയണം. കൂടുതൽ വിശദമായ ചർച്ചയ്ക്ക് സമയം ഇല്ലാത്തതുകൊണ്ട് ഇപ്പോൾ ഞാൻ നിർത്തുന്നു.

മി. ചെയർമാൻ: അങ്ങേയ്ക്ക് അടുത്ത ദിവസം തുടരാവുന്നതാണ്.

(ചർച്ച തുടരും)

(6) 2004-ലെ കേരള സംസ്ഥാന നഗരാസൂത്രണ അതോറിറ്റി ബിൽ

ശ്രീ. എ. സുജനപാൽ: സർ, 2004-ലെ കേരള സംസ്ഥാന നഗരാസൂത്രണ അതോറിറ്റി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, നഗരാസൂത്രണ അതോറിറ്റി എന്ന ഒരു പ്രത്യേക അതോറിറ്റി രൂപീകരിക്കുവാൻ നിയമമുണ്ടാക്കുവാൻ ഉദ്ദേശിച്ചുകൊണ്ടാണ് ബഹുമാനപ്പെട്ട മെമ്പർ ഈ ബില്ലിന് നോട്ടീസ് നൽകിയിരിക്കുന്നത്. നിലവിലുള്ള നഗരാസൂത്രണ സംവിധാനങ്ങളിൽ ധാരാളം പരിമിതികളുണ്ടെങ്കിലും അശാസ്ത്രീയമായ നഗരാസൂത്രണംമൂലം പല നഗരങ്ങളും ഗ്രാമങ്ങളും പാരിസ്ഥിതിക പ്രശ്നങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്, ഇതുവഴി ഗ്രീൻബെൽറ്റ് മേഖല ഇല്ലാതായിക്കൊണ്ടിരിക്കുകയാണെന്നാണ് പ്രസ്തുത അതോറിറ്റി രൂപീകരണത്തിനുള്ള ഈ ബിൽ കൊണ്ടുവന്നതിന് കാരണമായി മെമ്പർ സൂചിപ്പിച്ചിരിക്കുന്നത്. അതിനാൽ എല്ലാ ആസൂത്രണ പദ്ധതികളും സമന്വയിപ്പിച്ച് നഗരാസൂത്രണം ഫലപ്രദമായി നടപ്പാക്കുകയെന്നതാണ് ബില്ലിൽ അദ്ദേഹം വിഭാവന ചെയ്യുന്നത്. ബില്ലിൽ വ്യക്തമാക്കിയിട്ടുള്ള എല്ലാ ചുമതലകളും 1999-ലെ കേരള മുനിസിപ്പാലിറ്റീസ് (ഭേദഗതി) ആക്ടിലെ 30-ാം വകുപ്പുപ്രകാരം മുനിസിപ്പാലിറ്റികളെ ഏൽപ്പിച്ചിട്ടുള്ള പ്രാഥമിക ചുമതലകളാണ്. ഈ ചുമതലകൾ നിർവ്വഹിക്കുവാൻ നിലവിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾതന്നെ പര്യാപ്തമാണ്. കൂടാതെ നഗരാസൂത്രണ പദ്ധതികളുടെ ഘട്ടം ഘട്ടമായ നടത്തിപ്പ് 1994-ലെ മുനിസിപ്പാലിറ്റീസ് ആക്ട് ഷെഡ്യൂൾ 1-ലെ ഐറ്റം നമ്പർ 30 പ്രകാരം തദ്ദേശസ്വയംഭരണ

LIBRARY ARCHIVES Kerala Legislative Assembly